(എച്ച്) സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ റിപ്പോർട്ടിൽ കേരളത്തിലെ ഈ നദികളിൽ അധികം ജലം ഇല്ലായെന്നും 2050-ാം വർഷത്തോടെ കേരളത്തിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ സാദ്ധ്യതയുണ്ടെന്നും പ്രസ്താവിച്ചിട്ടുണ്ട്.

(ഐ) കേരളത്തിനു ദോഷകരമായ രീതിയിൽ നമ്മുടെ നദികളെ കൂട്ടിയിണക്കുന്ന പദ്ധതിക്ക് അനുവാദം കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല.

ഗോവധ നിരോധനം

56 (812) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോവധ നിരോധനം സംബന്ധിച്ച് കേന്ദ്രത്തിൽനിന്ന് എന്തെങ്കിലും നിർദ്ദേശം കിട്ടിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ബാധകമല്ല.

കണ്ണൂരിലെ വളർത്തുപ്രാവുകളുടെ കൂട്ടക്കൊല

57 (813) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ കണ്ണൂരിൽ എവിടെയെല്ലാം വളർത്തുന്ന പ്രാവുകളുടെ കൂട്ടക്കൊലപാതകം നടന്നിട്ടുണ്ട് ;

(ബി) ഇപ്രകാരം എത്ര പ്രാവുകളെ കൊന്നിട്ടുണ്ട് ;

(സി) പ്രാവുകളുടെ കൂട്ടക്കൊലയ്ക്കുള്ള കാരണമെന്താണ് ;

(ഡി) ഇതു സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ ; കണ്ണൂരിൽ നടന്നുവരുന്ന പ്രാവു പറത്തൽ മത്സരം തടയാനുദ്ദേശമുണ്ടോ ?

ഉത്തരം

(എ) കണ്ണൂർ സിറ്റിയിൽ നീർച്ചാൽ എന്ന സ്ഥലത്ത് 16-4-2003-ൽ വളർത്തു പ്രാവുകളുടെ കൂട്ടക്കൊലപാതകം നടന്നിട്ടുള്ളതായി അറിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 26 എണ്ണം.

(സി) പ്രാവു വളർത്തുന്നവർ തമ്മിലുള്ള വൈരാഗ്യമാണ് കുട്ടക്കൊലയ്ക്ക് കാരണമായി പറയപ്പെടുന്നത്.

(ഡി) കണ്ണൂർ സിറ്റി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രാവു പറത്തൽ മത്സരം തടയുന്നകാര്യം ആലോചിച്ചിട്ടില്ല. എന്നാൽ മൃഗസംരക്ഷണ വകുപ്പ് എസ്. പി. സി. എ. കളുമായി ബന്ധപ്പെട്ട് ജന്തുദ്രോഹ നിരോധന നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതാണ്.

കേരള വികസന പദ്ധതി അവലോകന യോഗങ്ങൾ

58 (814) ശ്രീ. എം. മുരളി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വികസന പദ്ധതിയുടെ അവലോകന യോഗങ്ങളിലേയ്ക്ക് ഏതെല്ലാം രാഷ്ട്രീയ പാർട്ടി പ്രതിനിധികളെയാണ് ക്ഷണിക്കുന്നത് ;

(ബി) ഈ യോഗങ്ങളിൽ നിന്ന് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ സ്ഥിരമായി ഒഴിഞ്ഞു നിൽക്കാറുണ്ടോ ;

(സി) എങ്കിൽ അവ ഏതെല്ലാം രാഷ്ട്രീയ കക്ഷികൾ എന്ന് പറയാമോ ;

(ഡി) സ്ഥിരമായി അവലോകന യോഗങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്ന രാഷ്ട്രീയ കക്ഷികൾ അപ്രകാരം ചെയ്യുന്നതിന് പറയുന്ന കാരണങ്ങൾ എന്തെല്ലാം ;

(ഇ) ഈ അവലോകന യോഗങ്ങൾ എന്തെല്ലാം കാര്യങ്ങളിലാണ് തീരുമാനമെടുക്കാറുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള വികസന പദ്ധതിയുടെ അവലോകന യോഗങ്ങളിലേയ്ക്ക് രാഷ്ട്രീയ പാർട്ടി പ്രതിനിധികളെ ക്ഷണിക്കാറില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി&ഡി) ഉദിക്കുന്നില്ല.

(ഇ) പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട വിഷയങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിനും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ജനപ്രതിനിധികൾക്ക് ഉണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിനുമാണ്

LIBRARY ARCHIVES Kerala Legislative Assembly